# FEDERATION OF RESIDENTS' ASSOCIATIONS THIRUVANANTHAPURAM (FRAT) Reg. No. 50/93

*Office :* Paraniyam Chambers, Ground Floor, Paraniyam Towers
Vanchiyoor, Thiruvananthapuram - 695 035, website : www.frat.in

President T.K. BHASKARA PANICKER 2722759
General Secretary ADV. PARANIYAM DEVA KUMAR Ph : 2476440, Mob : 9446508446
Treasurer S. SATHEESACHANDRAN NAIR Ph:0472-2857050, Mob: 9447770368


Date ............................

പത്രസമ്മേളനം

## ഫ്രാറ്റ് തെരഞ്ഞെടുപ്പ് ബൈലാക്കനുസൃതവും ജനാധിപത്യപരവും

**- എം.വി. സുഗതൻ, വരണാധികാരി**

തിരു: 2013ലേക്കുള്ള ഫ്രാറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഫ്രാറ്റിന്റെ ബൈലാക്കനുസൃതവും തികച്ചും ജനാധിപത്യപരവും അംഗീകൃത വോട്ടർപട്ടികയുടെ അടിസ്ഥാനത്തിലുമാണ് നടന്നതെന്ന് പൊതുയോഗം തെരഞ്ഞെടുത്ത വരണാധികാരിയും ഫ്രാറ്റ് മുഖ്യരക്ഷാധികാരിയും സ്ഥാപക നേതാവുമായ എം.വി. സുഗതൻ തെളിവുകൾ സഹിതം പത്രസമ്മേളനത്തിൽ അറിയിച്ചു. കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി പൊതുയോഗം തന്നെയാണ് ഇത്തവണത്തെപോലെ എന്നെ ഈ ചുമതല ഏൽപ്പിച്ചിരുന്നത്. നിഷ്പക്ഷവും നീതിപൂർവകുമായ ഒരു തെരഞ്ഞെടുപ്പുരീതി ഞാൻ അവലംബിച്ചിട്ടുള്ളതുകൊണ്ടുകൂടിയാണ് തുടർച്ചയായി സംഘടന വിശ്വാസപൂർവ്വം എനിക്ക് ഈ അംഗീകാരം നൽകിയതെന്ന് ഞാൻ വിശ്വസിക്കുന്നു. ശ്രീ പുഞ്ചക്കരി രവിയെകൂടി വരണാധികാരിയായി തെരഞ്ഞെടുത്തു എന്നുപറയുന്നത് ശുദ്ധകളവാണ്. ഫ്രാറ്റ് ബൈലാപ്രകാരം പൊതുയോഗം ഒരു ഭരണാധികാരിയെ തെരഞ്ഞെടുക്കണമെന്നും അയാൾക്ക് ആവശ്യമായാൽ 2 പേരെ സഹായികളായി നിയോഗിക്കാമെന്നുമാണ് വ്യവസ്ഥ. എന്നാൽ ഞാൻ ആരെയും സഹായിയായി ക്ഷണിച്ചില്ല. മാത്രമല്ല ശ്രീ പുഞ്ചക്കരി രവിയും നിലവിലെ പ്രസിഡന്റ് വെണ്ണിക്കുളം ജോർജ്ജ് വർഗ്ഗീസും തങ്ങളുടെ മാതൃസംഘടനയായ വഞ്ചിയൂർ റസി. അസോസിയേഷന്റെ പ്രതിനിധികൾ അല്ലാതായതായി 7.3.2013 ൽ പ്രസ്തുത അസോസിയേഷൻ രേഖാമൂലം അറിയിക്കുകയുണ്ടായി. അതോടെ 2013ൽ ഇവർക്ക് വരണാധികാരി ആകാനോ തെരഞ്ഞെടുപ്പിൽ മത്സരിക്കാനോ വോട്ടുചെയ്യുന്നതിനോ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനുപോലുമോ അർഹത ഇല്ലാതായികഴിഞ്ഞിരുന്നു. ശ്രീ രവി ഇത് സ്വയം ഉൾക്കൊള്ളുകയും പുഞ്ചക്കരി റസി. അസോസിയേഷന്റെ പേരിൽ പ്രതിനിധിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തു. എന്നാൽ പ്രസ്തുത അസോസിയേഷൻ വാർഷിക വരിസംഖ്യ ബൈലാ പ്രകാരം നവംബർ 30നകം അടയ്ക്കാതെ വോട്ടർ പട്ടികയിൽ ഇടം നേടാത്ത അസോസിയേഷനായിരുന്നു.

ഇതേ അവസ്ഥയാണ് യഥാർത്ഥ ഫ്രാറ്റ് എന്നവകാശപ്പെട്ട് പത്രമാധ്യമങ്ങളിൽ പേരു നൽകിയ മറ്റുള്ളവരുടെയും സ്ഥിതി. ഉദാഹരണമായി ശ്രീ പട്ടം ശശിധരൻ നായർ തന്റെ അസോസിയേഷനായ ആദർശ് നഗർ അസോസിയേഷൻ വാർഷിക വരിസംഖ്യ

അടയ്ക്കുന്നതിൽ വീഴ്ച വരുത്തി തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന് അർഹത നഷ്ടമാക്കി. സെക്രട്ടറിയായി സ്വയം അവരോധിച്ച ശ്രീ പി. സതീഷ്കുമാർ 2013ലെ പൊതുയോഗത്തിൽ സംഘടനയ്ക്ക് അപകീർത്തികരമായ ലഘുലേഖ വിതരണം ചെയ്തതിന്റെ പേരിൽ പൊതുയോഗത്തിന്റെ രോഷത്തിനും അച്ചടക്കനടപടിക്കും വിധേയനായി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യനാവുകയുണ്ടായി. ട്രഷററായി എന്നുപറയപ്പെടുന്ന ശ്രീ മനോഹരൻ നായർ തന്റെ മാതൃസംഘടനയായ മരുതൂർക്കടവ് റസി. അസോസിയേഷനിൽ നിന്നും പ്രതിനിധിയായി നിർദ്ദേശിക്കപ്പെടാത്തതിനാൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യനായ ആളാണ്. അതിനാൽ പത്രങ്ങളിൽ താൻ സൗപർണ്ണിക റസി. അസോസിയേഷനെ പ്രതിനിധീകരിക്കുന്നു എന്നു വ്യാജമായി പ്രചരിപ്പിക്കുന്നു. സത്യത്തിൽ സൗപർണ്ണിക റസി. അസോസിയഷനും വാർഷിക വരിസംഖ്യ കുടിശ്ശിക വരുത്തിയതിനാൽ വോട്ടവകാശം ഇല്ലാത്ത സംഘടനയാണ്. ഇതിനുപുറമെ തങ്ങളാണ് ഫ്രാറ്റ് എന്നവകാശപ്പെടുന്ന മുൻഭാരവാഹികളായ എ.ഗോപകുമാർ, സുഗന്ധി.എ. നായർ, ജി. സുശീലാദേവി, വി. രാധാകൃഷ്ണൻ നായർ, കെ. മുരളീധരൻ തുടങ്ങിയവരും വിവിധ കാരണങ്ങളാൽ വോട്ടവകാശം സ്വയം നഷ്ടമാക്കി സംഘടനാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യരായവരാണ്.

ഇക്കാരണത്താൽതന്നെ ഇവർ ഒരു ബദൽ പാനൽ തട്ടിക്കൂട്ടുവാൻ നടത്തിയ ശ്രമം വിജയം കണ്ടില്ല. ഔദ്യോഗിക പാനൽ വരണാധികാരിയായ എനിക്ക് ലഭിച്ച് നിശ്ചിത സമയപരിധിക്കകം മറ്റൊരു പാനലും ലഭിക്കാതിരുന്ന സാഹചര്യത്തിൽ ശ്രീ ടി.കെ. ഭാസ്കര പണിക്കർ പ്രസിഡന്റും അഡ്വ. പരണിയം ദേവകുമാർ ജനറൽ സെക്രട്ടറിയും എസ്. സതീഷചന്ദ്രൻ നായർ ട്രഷററുമായ ഔദ്യോഗികപാനലിലെ അംഗങ്ങൾ വിജയിച്ചതായി പ്രഖ്യാപിച്ച് തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കി പൊതുയോഗം പിരിഞ്ഞ് ഞാൻ വേദിക്ക് പുറത്തിറങ്ങാൻ തുടങ്ങവെ സെക്രട്ടറിയായി ഇപ്പോൾ പറഞ്ഞുനടക്കുന്ന ശ്രീ പി. സതീഷ് കുമാർ വേദിയിലേക്ക് കടന്ന് എന്റെ കൈവശത്തുനിന്നും ഔദ്യോഗിക പാനൽ തട്ടിപ്പറിക്കുന്നതിന് ശ്രമിച്ചു. ഇതിനെ മറ്റുള്ളവർ തടയുകയും ഔദ്യോഗിക പാനലുമായി ഞാൻ വേദി വിടുകയും ചെയ്തു. ഇതിനുശേഷം മേൽപ്രകാരം അയോഗ്യരായവർ ഒത്തുകൂടി ബഹളം വച്ചതായും പോലീസിനെ വിളിച്ചുവരുത്തിയതായും അറിയുവാൻ കഴിഞ്ഞു.

മേൽപ്പറഞ്ഞ വസ്തുതകൾ ശരിയും സത്യവുമെന്ന് തെളിയിക്കുന്നതിനുള്ള രേഖയുടെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഇവയുടെ അസൽ പകർപ്പും സംഘടനയുടെ സ്ഥാപക വർഷം മുതലുള്ള റെക്കോർഡുകളും ഇതര രേഖകളും ഏതു പത്ര പ്രവർത്തകനും ഫ്രാറ്റ് ഓഫീസിൽ നിന്നും പരിശോധിക്കാവുന്നതാണ്. മേൽ വിവരിച്ചതിന്റെ നിജസ്ഥിതി മനസ്സിലാക്കിയും തലസ്ഥാന നഗരിയുടെയും ജില്ലയുടെയും വികസന പ്രതീക്ഷയായ ഫ്രാറ്റിനെ തകർക്കുന്നതിന് നടക്കുന്ന നുണപ്രചരണങ്ങൾ തിരിച്ചറിഞ്ഞും നാളിതുവരെ ഫ്രാറ്റിന് നൽകിയ പിൻതുണ തുടർന്നും നൽകണമെന്നും മറിച്ചുള്ള പ്രചരണങ്ങളെയും പ്രചാരകരെയും തള്ളിക്കളയണമെന്നും ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

പത്രസമ്മേളനത്തിൽ ഫ്രാറ്റ് പ്രസിഡന്റ് ടി.കെ. ഭാസ്കരപ്പണിക്കർ, ജനറൽ സെക്രട്ടറി അഡ്വ. പരണിയം ദേവകുമാർ, ട്രഷറർ എസ്. സതീശചന്ദ്രൻ നായർ, പബ്ലിക് റിലേഷൻസ് കൺവീനർ ജഗതി ശിവൻതമ്പി എന്നിവരും കേന്ദ്ര സെക്രട്ടറിയേറ്റ് സെൻട്രൽ കമ്മറ്റി അംഗങ്ങൾക്കൊപ്പം പങ്കെടുത്തു.

എം.വി. സുഗതൻ
വരണാധികാരി